# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

മാർച്ച് 15
MARCH 15
2019

*1193 മീനം 01* വെള്ളി

## പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

### ലോക ഉപഭോക്തൃ അവകാശ ദിനാചരണം

### ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തു

ലോക ഉപഭോക്തൃ അവകാശ ദിനാചരണത്തിന്റെ ഭാഗമായി കാസർകോട് ലീഗൽ മെട്രോളജി വകുപ്പ് സ്പീഡ് വേ ഇൻ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ജില്ലാതല സെമിനാറിന്റെയും ബോധവൽക്കരണ ക്ലാസിന്റെയും ഉദ്ഘാടനം ജില്ലാകളക്ടർ ഡോ ഡി സജിത് ബാബു നിർവഹിച്ചു. ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോളർ പി ശ്രീനിവാസ അധ്യക്ഷത വഹിച്ചു.

'ട്രസ്റ്റഡ് സ്മാർട്ട് പ്രോഡക്ട്' എന്ന വിഷയം മുൻ നിർത്തി മാർച്ച് 15 ലോക ഉപഭോക്തൃ അവകാശ ദിനമായി ആചരിക്കുമ്പോൾ ഉപഭോഗ്താക്കൾക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ലഭിക്കാനുള്ള നല്ല നാളേക്കുള്ള കാൽവെപ്പാണെന്ന് ജില്ലാകളക്ടർ പറഞ്ഞു. നാം സ്ഥിരമായി ഉപയോഗിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പിക്കാൻ കഴിയണം. പ്രബുദ്ധരായി പ്രവർത്തിച്ച് ഉപഭോക്താക്കളെ

ബോധവത്കരിക്കണം. ഉൽപാദന, വിതരണ, വിപണന ഉപഭോഗ പ്രക്രിയകളെല്ലാം സുതാര്യമായിരിക്കണമെന്നും ജില്ലാകളക്ടർ പറഞ്ഞു.

ഉപഭോക്തൃ സംരക്ഷണത്തെ കുറിച്ച് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം മെമ്പർ രാധാകൃഷ്ണൻ നായർ മുഖ്യ പ്രഭഷണം നടത്തി. വ്യവസായ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങളെയും പദ്ധതികളെയും കുറിച്ച് കാഞ്ഞങ്ങാട് വ്യവസായ വികസന ഓഫീസർ എൻ അശോക് പ്രഭാഷണം നടത്തി.

ലീഗൽ മെട്രോളജിയുടെ ഓൺലൈൻ സേവനങ്ങളെ കുറിച്ച് ലീഗൽ മെട്രോളജി ഐടി മാനേജർ രാജേഷും ലീഗൽ മെട്രോളജി നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ച് വെള്ളരിക്കുണ്ട് ലീഗൽ മെട്രോളജി ഇൻസ്പെക്ടർ എം രതീഷും ബോധവത്കരണ ക്ലാസ് എടുത്തു. അക്ഷയ ജില്ലാ കോർഡിനേറ്റർ കെ.ശാരിക, മഞ്ചേശ്വരം ലീഗൽ മെട്രോളജി ഇൻസ്പെക്ടർ കെ. ശശികല, ലീഗൽ മെട്രോളജി ക്ലർക്ക് പി പി ലീലേഷ് സംസാരിച്ചു.

ഫോട്ടോ അടിക്കുറിപ്പ്:- കൺസ്യൂണർ റൈറ്റ് ഡേ:- ലോക ഉപഭോക്തൃ അവകാശ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ജില്ലാതല സെമിനാറിന്റെയും ബോധവൽക്കരണ ക്ലാസിന്റെയും ഉദ്ഘാടനം ജില്ലാകളക്ടർ ഡോ ഡി സജിത് ബാബു നിർവഹിച്ചു സംസാരിക്കുന്നു.

## ജലസേചനത്തിനുള്ള വൈദ്യുതി ബന്ധം വിഛേദിക്കൽ; രാഷ്ട്രീയ കക്ഷികളുടെ യോഗം ഇന്ന്

ജില്ലയിൽ വരൾച്ച രൂക്ഷമാകുന്ന സാഹചര്യത്തിൽ തെങ്ങ്, കവുങ്ങ് തോട്ടങ്ങളിൽ കുടിവെള്ള സ്രോതസുകളിൽ നിന്നുള്ള അനിയന്ത്രിത ജലസേചനം തടയുന്നതിന് കുടിവെള്ളം പമ്പ് ചെയ്യുന്ന സ്ഥലങ്ങളുടെ താഴേക്കും മുകളിലേക്കും 500 മീറ്റർ ദൂരത്തിൽ പമ്പിങ്ങിനുള്ള വൈദ്യുതി കണക്ഷൻ നൽകിയത് വിഛേദിക്കാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇതിനെതിരെ വിവിധ കർഷക സംഘടനകൾ ജില്ലാ കളക്ടർക്ക് നിവേദനം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെ യോഗം ഇന്ന് ( മാർച്ച് 16 ശനി) രാവിലെ 10.30 ന് കളക്ടറുടെ ചേമ്പറിൽ ചേരുമെന്ന് ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബു അറിയിച്ചു.

## നീലേശ്വരം രാജാറോഡിലെ അനധികൃത പാർക്കിംഗിന് നിയന്ത്രണം വരുന്നു

നീലേശ്വരം നഗരത്തിൽ മാർക്കറ്റ് ജംഗ്ഷൻ മുതൽ കോൺവെന്റ് ജംഗ്ഷൻ വരെയുള്ള പ്രധാന റോഡിൽ ചരക്ക് ലോറികളുടെയും ചെറുകിട പിക്കപ്പ്

വാഹനങ്ങളുടെയും അനധികൃത പാർക്കിംഗ് മൂലം ഉണ്ടാകുന്ന ഗതാഗതകുരുക്ക് ഒഴിവാക്കാൻ നീലേശ്വരം നഗരസഭാതല ട്രാഫിക് റെഗുലേറ്ററിംഗ് കമ്മിറ്റിയോഗം തീരുമാനിച്ചു. ഈ റോഡിൽ രാവിലെ 8.30 മുതൽ 10.30 വരെയും വൈകുന്നേരം 3.30 മുതൽ 5.30 വരെയും ചരക്ക് വാഹനങ്ങൾ നിർത്തിയിടുന്നതും സാധനസാമഗ്രികൾ കയറ്റിറക്ക് നടത്തുന്നതും നിരോധിക്കും. നിരോധന നിയന്ത്രണം ഇന്ന്(മാർച്ച് 16) മുതൽ പ്രാബല്യത്തിൽ വരും.

വാഹനങ്ങളുടെ അനധികൃത പാർക്കിംഗും കയറ്റിറക്കും മൂലം രാവിലെയും വൈകീട്ടും സ്കൂൾ വാഹനങ്ങൾക്കും ബസുകൾക്കും ചെറുകിട വാഹനങ്ങൾക്കും സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവ പ്പെടുന്നുണ്ട്. പരീക്ഷ കാലമായതിനാലാണ് ട്രാഫിക് റെഗുലേറ്ററിംഗ് കമ്മിറ്റി നേരത്തെ എടുത്ത തീരുമാനം കർശനമായി നടപ്പിലാക്കാൻ തീരുമാനമെടുത്തത്. നീലേശ്വരം ടൗണിൽ ഓട്ടോറിക്ഷ സ്റ്റാന്റുകൾ അംഗീകൃതമായി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ യോഗം മോട്ടോർ വാഹനവകുപ്പിനെ ചുമതലപ്പെടുത്തി. ഇതിനാവ ശ്യമായ സഹായ നിർദ്ദേശങ്ങൾ നഗരസഭ നൽകും. അതോടൊപ്പം നീലേശ്വരം നഗരസഭ നമ്പർ നൽകുന്ന ഓട്ടോറിക്ഷകൾക്ക് പ്രത്യേക കളർകോഡ് നൽകുന്നതു സംബന്ധിച്ചും ആലോചിക്കുകയും ഇതിന്റെ വിശദാംശങ്ങൾ തീരുമാനിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു.നീലേശ്വരം ടൗണിലെ അനധികൃത ഓട്ടോ പാർക്കിംഗ് പരിശോധിച്ച് നടപടികൾ ശുപാർശ ചെയ്യാൻ നഗരസഭ കൗൺസിൽ അംഗങ്ങളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

നീലേശ്വരം റെയിൽവെ സ്റ്റേഷനിൽ പ്രീപേയ്ഡ് ഓട്ടോറിക്ഷ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തുവാൻ മോട്ടോർ വാഹനവകുപ്പിലെയും പോലീസ് വകുപ്പിലെയും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

യോഗത്തിൽ നഗരസഭാ ചെയർമാൻ പ്രൊഫ.കെ.പി.ജയരാജൻ അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പി.എസ്.രാമനാഥ്, പൊതുമരാമത്ത് റോഡ്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ടോമി മാത്യു, നീലേശ്വരം പോലീസ് സ്റ്റേഷൻ പി.ആർ.ഒ മുഹമ്മദ് ഖനീഫ് എന്നിവരും വൈസ് ചെയർപേഴ്സൺ വി.ഗൗരി, സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ എ.കെ.കുഞ്ഞികൃഷ്ണൻ, പി.എം.സന്ധ്യ, പി.രാധ കൗൺസിലർമാരായ എ.വി.സുരേന്ദ്രൻ,എറുവാട്ട് മോഹനൻ, പി.കെ.രതീഷ്, പി.വി.രാധാകൃഷ്ണൻ നഗരസഭാ സെക്രട്ടറി ടി. മനോജ്കുമാർ എന്നിവരും പങ്കെടുത്തു.

## പാരമ്പര്യേതര ട്രസ്റ്റി അപേക്ഷ ക്ഷണിച്ചു

മലബാർ ദേവസ്വം ബോർഡ് കീഴിലുള്ള മഞ്ചേശ്വരം മുഗു ശ്രീ സുബ്രായ ദേവ ക്ഷേത്രത്തിൽ നിലവിലുള്ള പാരമ്പര്യേതര ട്രസ്റ്റികളുടെ ഒഴിവുകളിലേക്ക്

ക്ഷേത്ര പരിസരവാസികളായ ഹിന്ദുമത വിശ്വാസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ മലബാർ ദേവസ്വം ബോർഡ്, കാസർകോട് ഡിവിഷൻ നീലേശ്വരത്തുള്ള അസിസ്റ്റൻ്റ് കമ്മീഷണറുടെ ഓഫീസിൽ മാർച്ച് 30 ന് വൈകുന്നേരം അഞ്ചിനകം ലഭിക്കണം. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ഫോം മലബാർ ദേവസ്വം ബോർഡ് വെബ്സൈറ്റ്, നീലേശ്വരത്തുള്ള അസിസ്റ്റൻ്റ് കമ്മീഷണറുടെ ഓഫീസിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും സൗജന്യമായി ലഭിക്കും.

## നല്ല നടപ്പ് നിയമ ക്ലാസ്

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ജില്ലാ പ്രൊബേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വകുപ്പ് നടപ്പിലാക്കി വരുന്ന 'നേർവഴി' പദ്ധതിയെക്കുറിച്ചും 'നല്ല നടപ്പ്' നിയമത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കാഞ്ഞങ്ങാട് ജില്ലാ ജയിലിലെ അന്തേവാസികൾക്കായി ബോധവൽക്കരണ പരിപാടിയും വ്യക്തിത്വവികസന ക്ലാസും സംഘടിപ്പിച്ചു. കാഞ്ഞങ്ങാട് ജില്ലാ ജയിൽ സൂപ്രണ്ട് കെ.വേണു ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രൊബേഷൻ ഓഫീസറും ജില്ലാ സാമൂഹ്യനീതി ഓഫീസറുമായ ബി.ഭാസ്ക്കരൻ അധ്യക്ഷത വഹിച്ചു. 'നല്ല നടപ്പ്' നിയമം:പ്രയോജനങ്ങൾ, സാധ്യതകൾ എന്ന വിഷയത്തിൽ പ്രൊബേഷൻ അസിസ്റ്റൻ്റ് സലാവുദ്ധീൻ ബി ക്ലാസ് കൈകാര്യം ചെയ്തു. 'നിങ്ങൾക്കും ഒരു ഉത്തമ പൗരനാകാം' എന്ന വിഷയത്തെ ആസ്പദമാക്കി പുഷ്പാകരൻ ബെണ്ടിച്ചാൽ വ്യക്തിത്വവികസന ക്ലാസ് കൈകാര്യം ചെയ്തു. ജയിൽ ഡി.പി.ഒ ശ്രീനിവാസൻ സ്വാഗതവും കെ.മണികണ്ഠൻ നന്ദിയും പറഞ്ഞു.

## എംപ്ലോയബിലിറ്റി സെന്ററിൽ ജോലി അഭിമുഖം

ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ മാർച്ച് 18 ന് രാവിലെ 10ന് അഭിമുഖം നടത്തും. തസ്തിക: സിവിൽ ട്രേഡ് ഇൻസ്ട്രക്ടർ ഐടിഐ 3 വർഷം പരിചയം/ബി ടെക് സിവിൽ/ പൊളി ഡിപ്ലോമ ഇൻ സിവിൽ. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ അന്നേ ദിവസം കളക്ടറേറ്റിലെ എംപ്ലോയബിലിറ്റി സെന്ററിൽ തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ഉന്നത വിദ്യാഭ്യാസ സർടിഫിക്കറ്റിന്റെ കോപ്പിയും 250 രൂപയും അടച്ചു വൺ ടൈം രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്: 9207155700,04994 297470

## പരമ്പരാഗത വിശ്വകർമ്മ പെൻഷൻ; തീയതി നീട്ടി

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷന് (2018-19) അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 31 വരെ നീട്ടി. അപേക്ഷകർ 60

വയസ് കഴിഞ്ഞവരും മറ്റ് പെൻഷനുകൾ ഒന്നും ലഭിക്കാത്തവരുമായിരിക്കണം. ഈപദ്ധതി പ്രകാരം പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങളും അപേക്ഷ ഫോറവും www.bedd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0495-2377786 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാം.

## അഡ്മിഷൻ മാർച്ച് 19 വരെ

നിലേശ്വരം കേന്ദ്രീയ വിദ്യാലയത്തിൽ 2019-20 അധ്യായന വർഷത്തെ ഒന്നാം ക്ലാസിലേക്കുള്ള അഡ്മിഷനായി മാർച്ച് 19 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് www.kvnileshwar.org സന്ദർശിക്കുക. ഫോൺ: 0467 2288333.

(തുടരും)

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

മാർച്ച് 15

MARCH 15

2019

*1193 മീനം 01* വെള്ളി

പത്രക്കുറിപ്പ് 2

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## മാതൃകാ പെരുമാറ്റച്ചട്ടം കർശനമായി പാലിക്കണം: ജില്ലാ കളക്ടർ

സംസ്ഥാനത്ത് എപ്രിൽ 23ന് നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും മാതൃകാ പെരുമാറ്റച്ചട്ടം കർശനമായി പാലിക്കണമെന്ന് ജില്ലാ കളക്ടർ ഡോ. ഡി. സജിത് ബാബു നിർദേശിച്ചു. തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റചട്ടം നിലവിൽ വന്നതിന്റെ ഭാഗമായി രാഷ്ട്രീയ പാർട്ടികളോ, സ്ഥാനാർത്ഥികളോ വിവിധ മത വിഭാഗങ്ങൾ, ജാതികൾ, സമുദായങ്ങൾ തമ്മിൽ മതപരമോ ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉണ്ടാക്കുന്നതോ ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ പരസ്പര വിദ്വേഷം ജനിപ്പിക്കുന്നതോ ആയ യാതൊരു പ്രവർത്തനങ്ങളിലും ഇടപെടരുതെന്നും ജില്ലാ വരണാധികാരികൂടിയായ ജില്ലാ കളക്ടർ പറഞ്ഞു.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ വോട്ട് അഭ്യർത്ഥിക്കരുത്. ആരാധനാലയങ്ങൾ തെരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദിയാക്കരുതെന്നും കളക്ടർ അറിയിച്ചു.

## ലോക് സഭാ തെരഞ്ഞെടുപ്പ്: ട്രെയ്നേഴ്സിന് പരിശീലനം നൽകി

ലോക്സഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിങ്ങ് ഉദ്യോഗസ്ഥരുടെ പരിശീലകർക്കുള്ള പരിശീലനം കളക്ടറേറ്റ് കോൺഫറൻസ്ഹാളിൽ നടന്നു. ലോകസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം മാർച്ച് അവസാന വാരത്തിൽ നടക്കും. ഇതിന്റെ മുന്നൊരുക്കമായാണ് പരിശീലകർക്കുള്ള പരിശീലനം സംഘടിപ്പിച്ചത്. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 50 പരിശീലകർ പങ്കെടുത്തു.

രണ്ട് ഘട്ടങ്ങളിലായാണ് പോളിങ്ങ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം നൽകുന്നത്. ആദ്യ ഘട്ടത്തിൽ അവരവരുടെ താമസസ്ഥലം ഉൾപ്പെടുന്ന നിയമസഭ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും രണ്ടാം ഘട്ടത്തിൽ ഡ്യൂട്ടി ലഭിക്കുന്ന മണ്ഡലത്തിന്റെ അടിസ്ഥാനത്തിലുമാണ് പരിശീലനം. 40 പേർ അടങ്ങുന്ന ബാച്ചുകളായണ് പോളിങ്ങ് ഉദ്യോഗസ്ഥർക്ക് പരിശീലനമാണ് നൽകുക. പരിശീലനം നൽകുന്നവർക്കായുള്ള പരിശീലനത്തിൽ ഇലക്ഷൻ ഡപ്യൂട്ടി കളക്ടർ അബ്ദുൾ റഹ്മാൻ, നോഡൽ ഓഫീസർ കെ വിനോദ്, എന്നിവരുടെ നേതൃത്വത്തിലുള്ള മാസ്റ്റർ ട്രെയ്നർമാർ, ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

പുതുതായി ഏർപ്പെടുത്തിയിട്ടുള്ള വിവിപാറ്റിന്റെ പ്രവർത്തനം, ഇലക്ട്രോണിക് വോട്ടിങ്ങ് മെഷീനുകളുടെ മാനേജ്മെന്റ്, പോളിങ്ങ് തുടങ്ങുന്നതിന് മുമ്പുള്ള പ്രവർത്തനം, പോളിങ്ങ് സമയത്തെ പ്രവർത്തനം, പോളിങ്ങ് അവസാനിച്ചതിന് ശേഷമുള്ള പ്രവർത്തനം, എന്നിവ ഉൾപ്പെടുത്തിയായിരുന്നു പരിശീലനം. വിവിപാറ്റ് വന്നതോടെ പോളിങ്ങ് തുടങ്ങുന്നതിന് മുമ്പ് നടത്തുന്ന മോക് പോളിങ്ങ് നടത്തി വോട്ട് ചെയ്ത സ്ഥാനാർത്ഥികൾക്ക് തന്നെയാണോ വോട്ട് രേഖപ്പെടുത്തപ്പെട്ടതെന്ന് പോളിംഗ് സ്ഥാനാർത്ഥിക്കും പോളിംഗ് ഏജന്റുമാർക്കും ഉറപ്പ് വരുത്താവുന്നതാണ്. ആർക്ക് വോട്ട്ചെയ്തെന്ന് കാണിക്കുന്ന വിവി പാറ്റ് പ്രിന്റ് ഔട്ടും വോട്ടിങ്ങ് മെഷീനിലെ റിസൾട്ടും വോട്ട് ചെയ്യുമ്പോൾ തയ്യാറാക്കിയ കണക്കും പരസ്പരപൂരകമാണെന്ന് ഉറപ്പ് വരുത്തുന്നതിന് മോക്പോൾ സർട്ടിഫിക്കറ്റിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തണം. അത്കൊണ്ട് തന്നെ ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം 50 ൽ കുറയാത്ത വോട്ടുകൾ മോക്പോൾ സമയത്ത് ചെയ്യേണ്ടതുണ്ട്. പോളിങ്ങ് ഏജന്റുമാർ മാറി വരുന്നതനുസരിച്ച് അത് സംബന്ധിച്ച വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തണം. ജില്ലയിൽ ഇലക്ഷന്റെ ഭാഗമായുള്ള പരിശീലന പ്രവർത്തനം ജനുവരിമാസത്തിൽ ആരംഭിച്ചിരുന്നു. റിട്ടേണിങ്ങ് ഓഫീസർ, അസി

സ്റ്റന്റ് റിട്ടേണിങ്ങ് ഓഫീസർ എന്നിവരുടെ കീഴിലുള്ള ജീവനക്കാർക്കും സെക്ടറൽ ഓഫീസർമാർക്കും നേരത്തെ തന്നെ പരിശീലനം പൂർത്തിയായി. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്ക് വിവിധ ഘട്ടങ്ങളിലായി നോമിനേഷൻ മാതൃക, പെരുമാറ്റ ചട്ടം, പരാതി പരിഹാര സംവിധാനം വാഹനങ്ങളുടെ ഉപയോഗം, തുടങ്ങിയ വിഷയങ്ങളിലും പരിശീലനം പൂർത്തിയായി.

## പട്ടിക വിഭാഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം-സെമിനാർ നടത്തി

പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം-1989 & പൗരാവകാശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കളക്ട്രേറ്റ് മെയിൻ കോൺഫറൻസ് ഹാളിൽ നടന്ന ജില്ലാതല ബോധവത്കരണ സെമിനാർ എ.ഡി.എം. സി ബിജു. ഉദ്ഘാടനം ചെയ്തു .ജില്ലാ പോലീസ് മേധാവി ജെയിംസ് ജോസഫ് അദ്ധ്യക്ഷനായി. ജില്ലാ കളക്ടർ ഡോ:ഡി.സജിത് ബാബു സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തി

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരായ പി.ബി ബഷീർ, .പി.വി സതീഷ്കുമാർ എന്നിവർ ക്ലാസ് എടുത്തു. സെമിനാറിൽ ജില്ലാ ഗവ:പ്ലീഡർ പി.വി ജയരാജൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എസ്.എം.എസ്) ഹരിശ്ചന്ദ്ര നായിക് എന്നിവർ അതിക്രമം തടയൽ നിയമത്തെക്കുറിച്ച് ക്ലാസുകൾ എടുത്തു.

ജില്ലാ പട്ടികജാതി വികസന ഓഫീസർ എസ് മീനാറാണി, അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ ഇൻചാർജ് പി മിനി, അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എം ഷെമീന, എന്നിവർ സംസാരിച്ചു.പട്ടികജാതി സമുദായ സാമൂഹ്യ പ്രവർത്തകർ, പോലീസ് ഉദ്യോഗസ്ഥർ, പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, എസ്.സി.പ്രൊമോട്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

## തൊഴിൽ രഹിത വേതനം കൈപ്പറ്റണം

കുമ്പള ഗ്രാമ പഞ്ചായത്തിൽ തൊഴിൽ രഹിത വേതനം മാർച്ച 19 മുതൽ മാർച്ച് 21 വരെ പഞ്ചായത്ത് ഓഫീസിൽ വിതരണം ചെയ്യും. റേഷൻ കാർഡ് , ഐ.ഡി കാർഡ്, എംപ്ലോയ്മെന്റ് കാർഡ് എന്നിവ സഹിതം പഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരായി കൈപറ്റണം.

## വൈദ്യൂതി വിതരണം തടസ്സപ്പെടും.

110 കെ.വി. കൊണാജെ-മഞ്ചേശ്വരം ഫീഡറിൽ കർണാടക ഭാഗത്ത് അടിയന്തിര അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇന്ന്(16 ന്) രാവിലെ 10 മുതൽ വൈകീട്ട് 6 വരെ 110 കെ.വി. സബ്സ്റ്റേഷനുകളായ വിദ്യാനഗർ, മുളളേരിയ, കുബനൂർ, മഞ്ചേശ്വരം എന്നിവിടങ്ങളിൽനിന്നും, 33 കെ.വി സബ്സ്റ്റേഷനുകളായ അനന്തപുരം, കാസർകോട് ടൗൺ, ബദിയടുക്ക, പെർള എന്നി സബ്സ്റ്റേഷനുകളിൽ നിന്നുള്ള വൈദ്യൂതി വിതരണവും തടസ്സപ്പെടും.

## ഊർജ്ജിത നികുതി പിരിവ്

അജാനൂർ ഗ്രാമ പഞ്ചായത്ത് നികുതി പിരിവിന്റെ ഭാഗമായി ഞായറാഴ്ച അടക്കമുള്ള അവധി ദിവസങ്ങളിൽ നികുതി സ്വീകരിക്കുന്നതിനായി ഓഫീസ് പ്രവർത്തിക്കും.

## തൊഴിൽ രഹിതവേതനം കൈപറ്റണം

ഉദുമ ഗ്രാമപഞ്ചായത്തിൽ തൊഴിൽ രഹിതവേതനത്തിന് അർഹരായവർ മാർച്ച് 19,20 തീയ്യതികളിലായി തൊഴിൽ രഹിതവേതനം കൈപറ്റണം. മുൻഗഡു കൈപ്പറ്റാത്തവർ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം. മുഴുവൻ ഗുണഭോക്താക്കളും അടുത്ത വിതരണത്തിന് മുമ്പായി വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം. അല്ലാത്തവരെ തൊഴിൽ രഹിതവേതനത്തിന് തുടർന്ന് പരിഗണിക്കുന്നതല്ല. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവ സഹിതമാണ് എത്തേണ്ടത്.

## യോഗം ചേരും

വരൾച്ച ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ജില്ലയിൽ കുടിവെള്ള വിതരണം നടത്തുന്നത് സംബന്ധിച്ച് കൂടിയാലോചന നടത്തുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഇന്ന് ( 16 ന്) രാവിലെ 10.30 ന് എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും യോഗം കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേരും.

## (അവസാനിച്ചു)